മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്. വേണ്ടതായ നടപടികളും എടുക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അകപ്പെയർചെയ്ത സ്ഥലങ്ങളും മഴവൻ കൈവശം കിട്ടുവാനുള്ള താമസംകൊണ്ടും പണി ഇടക്കാലത്തു നിർത്തേണ്ടതായി വന്നിട്ടുണ്ട്.

(സി) പ്രത്യേക കച്ചീട്ടു വാങ്ങിയിരുന്നില്ലെങ്കിലും മി. ഉതുപ്പു ഒഴികെ മറ്റെല്ലാവരും പണി ആരംഭിക്കുന്നതു സമ്മതമായിരുന്നു.

(ഡി) എ.യുടെ ഉത്തരം നോക്കുക.

(ഇ) ഇല്ല.

(എഫ്) ഇ. യുടെ ഉത്തരം നോക്കുക.

(ജി) പ്ലാൻ മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ സി. വി. ഐപ്പ്: ഈ പ്ലാനിൽ സ ം ര—ാംനമ്പർ സർവ്വെയിലാണ് ഒരു ചാൽ കിടക്കുന്നതു്. അതു് യഥാർത്ഥത്തിൽ അവിടെയല്ല. അതിനെക്കുറിച്ചു് അന്വേഷിച്ചു് തോട്ട് കുറേക്കൂടി തെക്കോട്ടു നീട്ടുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനെപ്പറ്റി അന്വേഷിക്കാം.

VILLAGE COURT JUDGES—SITTING FEE—INFORMATION REGARDING

49. (157) Mr. K. W. Muralidhara Marar *(Trippunittura)*: Will Government be pleased to state.—

(*a*) whether any sitting fee is allowed to Village Court Judges;

(*b*) if so, how much?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) No.

(*b*) No answer is necessary in view of the answer to (*a*)

മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ: വല്ല കൺവെയൻസ് അലവൻസും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ: എന്താണ് അലവൻസ്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഫ ക.

മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ: ഈ അലവൻസു കൂട്ടുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എ. ജോജ്ജ്: ഒരുപ്രാവശ്യം വളരെ കുറഞ്ഞ ഒരു സംഖ്യയായതുകൊണ്ട് ആ അലവൻസു മേടിച്ചിട്ടില്ലെന്നു അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഒരാൾ മേടിച്ചിട്ടില്ലെന്നാണ് അറിയുന്നതു്.

മിസ്റ്റർ വി. കെ. ജോസഫ്: വില്ലേജ് കോടതികൾ നിർത്തുവാൻ സാധിക്കുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതുകൊണ്ടു വളരെ ഉപകാരമുണ്ടെന്നാണ് കാണുന്നതു്.

മിസ്റ്റർ കെ. എ. ജോർജ്ജ്: വാങ്ങാത്തവരുണ്ടെന്നു പറഞ്ഞുവല്ലൊ. അതു് ഒരു തുച്ഛമായ സംഖ്യയായതുകൊണ്ടാണ് വാങ്ങാത്തതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: അലവൻസു കൂട്ടുന്നകാര്യത്തെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: വില്ലേജു കോടതി ജഡ്ജിമാരെല്ലാവരും ഒരു വില്ലേജിലെ മെമ്പർ ആണെന്നാണൊ ഗവൺമെണ്ടിന്റെ അഭിപ്രായം?

മിസ്റ്റർ സി. എ. ഔസേപ്പ്: അല്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: പിന്നെ എന്തടിസ്ഥാനത്തിന്മേലാണ് അവർക്കു ഇത്ര ചുരുങ്ങിയ ഒരു സംഖ്യ ഒരുപോലെ കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ളതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ജനങ്ങളെ സഹായിക്കുവാൻ വേണ്ടി മാത്രം വെച്ചിട്ടുള്ള ഒരു സ്ഥാപനമാണ് വില്ലേജ് കോടതി. അതുകൊണ്ടു പേരിനു ഒരു വിലവു് വെച്ചു എന്നാണ് ഞാൻ വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: ഇതു വേണ്ടെന്നുവെച്ചു് ഇതിന്റെ പണി മുൻസീഫ്കോർട്ടിനെ ഏല്പിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു രണ്ടും യോജിച്ചു കായ്ക്കുന്നതല്ല.

VILLAGE COURTS WITHIN MUNICIPAL LIMITS—EXPENDITURE REGARDING

50. (176) Mr. P. K. Krishnankutty Menon *(Vellarapilli)*: Will Government be pleased to state.—

(*a*) the number of village courts established within Municipal limits where there are already Munisiff's Courts;

(*b*) the amount spent by Government per year for their working;

(*c*) the number of suits filed in each of those Courts;

(*d*) the amount of income realised by way of Court fee, etc., from those Courts?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) 7.

(*b*) Rs. 18,940—0—0.

(*c*) No. of suits filed in the year 1123.—

Mattancheri	46
Ernakulam	153
Irinjalakkuda	211
Lokamaleswaram	132
Trichur	72
Vadakkancheri	60
Chittur	36
Total	710

(*d*) Rs. 1,954—0—0.

മിസ്റ്റർ പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഈ വില്ലേജ് കോടതികൾ ഓരോന്നും നടത്തുന്നതിൽ കൊല്ലത്താൽ എത്ര നഷ്ടം ഉണ്ട്?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു തിരിച്ചു പറയുവാൻ നോട്ടീസുവേണം.

മിസ്റ്റർ പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഫ വ, ൻ ര ം ക. ചിലവും, ,ൻ ഇ ര ക. വരവുമായിട്ടാണ് ഇതിൽ കാണുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽനിന്നു ഏതാണ്ടു് ലാഭനഷ്ടം ഉദ്ദേശിക്കാം

മിസ്റ്റർ പി. കെ. ഡീവർ: ഗവൺമെണ്ടു കോടതികൾ നടത്തുന്നതു ലാഭത്തിനുള്ള ഒരു മാർഗ്ഗമായിട്ടാണൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: കോടതികൾ ഒരു ആദായമാർഗ്ഗമായിട്ടു ഒരു ഗവൺമെണ്ടും സ്ഥീകരിച്ചിട്ടില്ല. കോർട്ടുഫീയൊക്കെ അതിലുള്ള ആദായങ്ങളാണു്.

മിസ്റ്റർ പി. കെ. ഡീവർ: വില്ലേജ് കോടതിയിൽ കോർട്ടുഫീയുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: പട്ടണങ്ങളിലുള്ള വില്ലേജ് കോടതികൾ നിർത്തണമെന്നു വക്കീലന്മാരുടെ വല്ല ക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ സി. വി. ഇയ്യു: വില്ലേജുകളിൽ ഇതുകൊണ്ടു വളരെ ഉപയോഗമുണ്ടെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേ: വില്ലേജുകളിൽ വളരെ പ്രയോജനമുണ്ടു്.

2. NOMINATION OF A MEMBER TO THE HOUSE COMMITTEE

Mr. President: Under Standing Order 72 I nominate Mr. P. K. Paul to be a member of the House committee.

We shall now take up demands for grants.

3. VOTING OF DEMANDS FOR GRANTS

17. General Administration—Rs. 4,71,390

Mr. E. Ikkanda Warriar *(Prime-Minister)*: I move for a grant of Rs. 4,71,390 under 17-General Administration.

LIBRARY ARCHIVES Kerala Legislative Assembly